കരട്

# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം-2

## മാർഗരേഖ

1

## അക്കാദമിക മാസ്റ്റർപ്ലാൻ - കാഴ്ചപ്പാട് ,ലക്ഷ്യങ്ങൾ

### ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സമക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തമാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട് മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു .എൻ സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ ,വിശപ്പുരഹിതം , നല്ല ആരോഗ്യവും, ക്ഷേമവും ഗുണനിലവാരവും ഉള്ള വിദ്യാഭ്യാസം ,ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിനു 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട് (അനുബന്ധം... നോക്കുക). എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവശ്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിൽ എന്ന പോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് , വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പാക്കിയ ' പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ' വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും ആക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷകണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാകുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്കനുസരിച്ചു മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ - അന്തർദേശീയതലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിര വികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസരംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും ആധ്യാപകരും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ  വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങൾ നമ്മുക്ക് കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

2022 ൽ ആരംഭിക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏതു തരത്തിലായിത്തീരണമെന്ന് വിഭാവനം ചെയ്യണം.അത്തരത്തിലാകുന്നതിന് തടസ്സം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾ തലത്തിൽ ചർച്ച ചെയ്ത് കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവർക്ക് മുൻഗണന നിശ്ചയിക്കുകയും വേണം. അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി ,സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയ്യാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധരീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയവിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവകുപ്പ്, എസ്. എസ്. കെ, എം. പി, എം. എൽ. എ, പി. ടി. എ, മറ്റു സന്നദ്ധ സംഘടനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

**ദർശനം**

"കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു ".

**ലക്ഷ്യങ്ങൾ**

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധനങ്ങൾ ഒരുക്കുന്നു.

- വിദ്യാലയത്തിലെ പഠനപിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു
- സുസ്ഥിരവികസന കാഴ്ച്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം.....) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകല്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

2

## പദ്ധതി രൂപീകരണപ്രക്രിയയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പാഠ്യപദ്ധതി സമീപനം, കാഴ്ചപ്പാട് എന്നിവയുമായി പൊരുത്തപ്പെടുന്നതായിരിക്കണം പ്രവർത്തനങ്ങൾ .
2. നവകേരളം കർമപദ്ധതി (വിദ്യാകിരണം), പതിനാലാം പഞ്ചവത്സരപദ്ധതി കാഴ്ചപ്പാട്, സർക്കാരിന്റെ വാർഷിക പദ്ധതി എന്നിവയിലെ നിർദേശങ്ങൾ കൂടി പരിഗണിക്കണം .
3. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ -SSK, KITE, SCERT, SIEMAT, SIET,..... വിവിധ ക്ലബുകൾ, സ്കൗട്ട്, എൻ. സി. സി, എസ് .പി .സി ,എൻ. എസ്. എസ്, ജെ. ആർ. സി തുടങ്ങിയവ സംസ്ഥാനതലത്തിൽ തയാറാക്കുന്ന വിദ്യാഭ്യാസ പദ്ധതികളും കൂടി പരിഗണിക്കണം
4. സ്കൂൾ കണ്ടെത്തുന്ന പ്രശ്നമേഖലകൾ മുൻഗണന ക്രമത്തിൽ രൂപപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകണം .
5. തയാറാക്കുന്ന മാസ്റ്റർപ്ലാനുകൾക്ക് പ്രായോഗികത, യുക്തിഭദ്രത, വൈവിധ്യം, പുതുമ എന്നിവ ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കണം.
6. ദേശീയ, സംസ്ഥാന, പ്രാദേശികതലങ്ങളിൽ വിവിധ ഏജൻസികൾ സ്കൂളുകൾക്കായി നീക്കിവയ്ക്കുന്ന ഫണ്ടുകൾ, വിവിധ പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ പരിഗണിക്കണം.
7. ഉയർന്ന നിലവാരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നത്തിന് പ്രാധാന്യം നൽകണം. സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും ഭിന്നശേഷിക്കാരുടെയും പഠനമുന്നേറ്റം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഉണ്ടാവണം.
8. സ്കൂളിന്റെ എല്ലാ ദൈനദിന പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാകേണ്ടതില്ല. എന്നാൽ സവിശേഷവും നൂതനവുമായ പഠനപ്രവർത്തനങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തണം.
9. പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും ഉണ്ടാകണം.
10. പദ്ധതി രൂപീകരണപ്രക്രിയയിൽ അധ്യാപകരോടൊപ്പം വിദ്യാർഥിപ്രതിനിധികൾ ,പൂർവവിദ്യാർഥികൾ, PTA, MPTA, SMC, ജനപ്രതിനിധികൾ, അക്കാദമിക വിദഗ്ദർ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരെ പങ്കാളികളാക്കണം.

3

## സ്കൂൾതല മാസ്റ്റർപ്ലാൻ രൂപീകരണം

വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിന് നിലവിലുള്ള സ്ഥിതിയുടെ അവസ്ഥാവിശകലനം കൃത്യമായി നടത്തേണ്ടതുണ്ട്. നിലവിലെ മികവുകളും പരിമിതികളും പൂർണ അർത്ഥത്തിൽ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ യഥാർത്ഥ പ്രശ്നങ്ങൾ സൂക്ഷ്മതലത്തിൽ കണ്ടെത്താനും അവ പരിഹരിച്ച് മുന്നേറാനും കഴിയൂ. അവസ്ഥാപഠനത്തിനായി പ്രധാനമായും താഴെപ്പറയുന്ന മേഖലകൾ പരിഗണിക്കാവുന്നതാണ്. സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് കൂട്ടിച്ചേർക്കലുകൾ ആകാം.

**അവസ്ഥാപഠനം**

ഓരോ വിദ്യാലയത്തിന്റെയും മാസ്റ്റർപ്ലാൻ തയാറാക്കുന്നതിന് രൂപീകരിക്കുന്ന സമിതിയുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനം നടക്കേണ്ടത്. പ്രസ്തുത സമിതിയിൽ അധ്യാപകർ, PTA, MPTA, റിസോഴ്സ് ടീച്ചർ /ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർഥി പ്രതിനിധികൾ SRG, LSG അംഗങ്ങൾ, പൂർവ വിദ്യാർഥികൾ, അക്കാദമിക വിദഗ്ധർ എന്നിവർ ഉൾപ്പെട്ടിരിക്കണം. ഓരോ വിഭാഗത്തിനും ( LP, UP, HSS) പ്രതേക ഗ്രൂപ്പുകൾ ഉണ്ടാകുന്നത് ഏറെ നന്നായിരിക്കും.

ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനത്തിനു ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ടൂളുകൾ തയാറാക്കേണ്ടത്. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠനനിലവാരം രേഖപെടുത്തുന്നതിന് പഠനനിലവാരരേഖ, ടീച്ചിങ് മാന്വൽ, നിരീക്ഷണം, ഷെഡ്യൂൾ, ചോദ്യാവലികൾ, കുട്ടികളുടെ പ്രകടനം എന്നിവ പരിഗണിക്കാവുന്നതാണ്.

കുട്ടികളുടെ മിക്കവാർന്ന പഠനത്തിനു അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതികസാഹചര്യങ്ങളും സാമൂഹികപിന്തുണയും വിദ്യാലയത്തിനു ആവശ്യമായ തോതിൽ ലഭിക്കുന്നുണ്ടോ എന്ന് കൃത്യമായി ആ സമിതി പരിശോധിച്ച് രേഖപെടുത്തേണ്ടതാണ്. അതിന് ക്ലാസ് PTA,, SMC, PTA കമ്മിറ്റി, വിദ്യാർഥികൾ, ജനപ്രതിനിധികൾ, പൂർവ വിദ്യാർഥികൾ എന്നിവരുമായുള്ള കൂടിയാലോചനകൾ നടത്തേണ്ടതാണ്. ഈ രീതിയിൽ മേൽപറഞ്ഞ എല്ലാ മേഖലകളിലും കൃത്യമായ അവസ്ഥാവിശകലനം നടത്തി വിവരങ്ങൾ അളവുപരമായി തന്നെ രേഖപെടുതേണ്ടതാണ്.

**അവസ്ഥാപഠനം - പരിഗണിക്കേണ്ട മേഖലകൾ**

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യാപകർ
- ഭൗതികസാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

ഇവ ഓരോന്നും വിശദമായി പരിശോധിക്കാം

**പാഠ്യപദ്ധതി വിനിമയം**

പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട അവസ്ഥാപഠനത്തിൽ ഓരോ ക്ലാസ്സിലെയും എല്ലാ വിഷയങ്ങളുടെയും വിവിധ മേഖലകൾ പഠനത്തിനു വിധേയമാക്കണം. ഉദാഹരണമായി

**ഭാഷ**

**മേഖല - വായന ( എച്ച്. എസ്. തലം)**

| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 40% | 30% | 30% |

**ഗണിതം**

**മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| - | - | - |

**ശാസ്ത്രം**

**മേഖല- പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു**

| സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനങ്ങളിലെത്തുന്നു | പരീക്ഷണങ്ങളിലേർപ്പെടുന്നു. ശരിയായ നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല | അധ്യപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു |
|---|---|---|
| - | - | - |

**സാമൂഹ്യശാസ്ത്രം**

**മേഖല- ചരിത്രാന്വേഷണം**

| ചരിത്രാന്വേഷണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്തി ചരിത്ര രചന പൂർത്തിയാകുന്നു | ദത്തങ്ങൾ ശേഖരിക്കുന്നു പൂർണമായി അപഗ്രഥിച്ച് ചരിത്ര രചന ഭാഗികമായി നടത്തുന്നു | അധ്യപികയുടെ സഹായത്തോടെ ചരിത്ര രചന നിർവഹിക്കുന്നു. |
|---|---|---|
| - | - | - |

ഈ രീതിയിൽ എല്ലാ വിഷയങ്ങളിലെയും എല്ലാ മേഖലകളിലെയും അവസ്ഥാപഠനം നടത്തി അളവുപരമായി തന്നെ രേഖപെടുത്തേണ്ടതാണ്. ഓരോ ശേഷീമേഖലയിലും വ്യത്യസ്ത നിലവാരത്തിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ ഈ അവസ്ഥാവിശകലനത്തിലൂടെ കഴിയണം.

ഇതിനു സഹായകരമായി സഹിതം, സമഗ്ര പോർട്ടലുകളിലെ സൂചകങ്ങളും ഉപയോഗിക്കാവുന്നതാണ്.

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ്സ്‌വിനിമയം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന സൂചകങ്ങൾ ഉപയോഗിക്കുന്നവുന്നതാണ്

- പ്രക്രിയാബന്ധിതമായ ആസൂത്രണം
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ

ഇവ കണ്ടെത്തുന്നതിന് ഉചിതമായ ചോദ്യവലിയോ ചെക്ക് ലിസ്റ്റോ ഉപയോഗിക്കാവുന്നതാണ്.

കല - കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ, കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, നീന്തൽ പരിശീലനം എന്നിവ പഠനപ്രക്രിയയുടെ ഭാഗമായി വിദ്യാലയത്തിൽ എത്രത്തോളം സംഘടിപ്പിക്കാൻ കഴിയുന്നുണ്ട് എന്നതും വിലയിരുത്തപ്പെടണം

**പഠനാന്തരീക്ഷം**

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഉപഘടകങ്ങൾ പരിഗണിക്കാവുന്നതാണ്

- ക്ലാസ്സ്മുറികളുടെ സജ്ജീകരണം
- ക്ലാസ്സ്മുറികളിലെ ജനാധിപത്യം, അവസരസമത്വം, സ്വാതന്ത്ര്യചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾകൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപ്പകരണങ്ങൾ
- അധ്യാപക - വിദ്യാർഥി ബന്ധം
- ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസ്സിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ലൈബ്രറികൾ, ലബോറട്ടറികൾ ജൈവവൈവിധ്യ ഉദ്യാനം
- കളിസ്ഥലവും സ്പോർട്സ് സാമഗ്രികളും
- ആവശ്യമായ എണ്ണം ക്ലാസ്സ്മുറികൾ (സ്മാർട്ട് ക്ലാസ്സ്മുറി ), ഭിന്നശേഷി സൗഹൃദ ക്ലാസ്സ്മുറികൾ
- സ്കൂൾ പാർലമെന്റ്, സ്കൗട്ട്, ലിറ്റിൽ കൈറ്റ്സ്, ജെ. ആർ. സി തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം
- കലാപഠനത്തിനും പ്രവൃത്തിപരിചയത്തിനും ഉള്ള മുറി, അനുബന്ധ ഉപകരണങ്ങൾ

തുടങ്ങിയ ഘടകങ്ങൾ ബന്ധപ്പെട്ടവരുമായി നടത്തുന്ന ചർച്ച, അഭിമുഖം എന്നിവയിലൂടെയും നേരിട്ടും വിലയിരുത്തി രേഖപെടുത്താവുന്നതാണ്.

**അധ്യാപകർ**

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെ പറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശികവിഭവങ്ങൾ (മനുഷ്യവിഭവനം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത)
- സാമൂഹികപിന്തുണ
- ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
- അധ്യാപക - രക്ഷാകർത്തൃബന്ധം

**ഭൗതികസാഹചര്യം**

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ നമ്മുടെ വിദ്യാലത്തിൽ ഉണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെ പറയുന്ന ഘടകങ്ങൾ പരിശോധിക്കണം.

- പരിസ്ഥിതി സൗഹൃദ - വിദ്യാർഥി സൗഹൃദ സ്കൂൾ - ക്ലാസ്സ് അന്തരീക്ഷം
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ
- ഓരോ ക്ലാസ്സിനും അനുയോജ്യമായ ലൈബ്രറികൾ
- കളിസ്ഥലവും കളിയുപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ്ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ.
- ശുദ്ധജല ലഭ്യത
- വിദ്യാർഥി സൗഹൃദ, ഭിന്നശേഷി സൗഹൃദ ഫർണിച്ചർ
- ഭക്ഷണം തയാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗതസൗകര്യം

ഈ ഘടകങ്ങളുടെ അവസ്ഥാവിശകലനം കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവരുമായുള്ള കൂടിയിരുപ്പുകളിലൂടെ വിലയിരുത്തി രേഖപ്പെടുത്തേണ്ടതുണ്ട്.

**സാമൂഹ്യ ഇടപെടലുകൾ**

സാമൂഹിക ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങൾ ചുവടെ കൊടുക്കുന്നു

- പി. റ്റി. എ
- എസ്. എം. സി
- മദർ പി. റ്റി. എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ വിദ്യാർഥികൾ
- വിദ്യാലയവികസന സമിതി
- ജാഗ്രത സമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധ സംഘടനകൾ
- പ്രാദേശിക വിദഗ്ദർ

ഈ ഘടകങ്ങൾ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് നൽകികൊണ്ടിരിക്കുന്ന പിന്തുണാരേഖകൾ പരിശോധിച്ചും നേരിട്ടുള്ള ചർച്ചകളിലൂടെയും വിലയിരുത്തണം.
വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങളും വിലയിരുത്തലിന് വിധേയമാക്കാം
ഉദാ :

- കാർഷിക /തീരദേശ മേഖലകളിലെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ
- ലഹരി ഉപയോഗം
- കുട്ടികൾക്കെതിരായ അതിക്രമങ്ങൾ
- കുട്ടികളിൽ കണ്ടു വരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ
- കാലാവസ്ഥാവ്യതിയാനവും പ്രകൃതി ദുരന്തങ്ങളും മൂലമുണ്ടാകുന്ന വെല്ലുവിളികൾ
- അതിഥി തൊഴിലാളികളുടെ മക്കൾക്കുണ്ടാകുന്ന ആശയവിനിമയത്തിനും പഠനാന്തരീക്ഷത്തിലും ഉള്ള വെല്ലുവിളികൾ.

### വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ ,വെല്ലുവിളികൾ

വിദ്യാലയത്തിലെ വിവിധ മേഖലകളിലെ അവസ്ഥാപഠനം കഴിഞ്ഞ് കിട്ടിയ വിവരങ്ങൾ അതാതു മേഖലയിൽ ഉചിതമായ രീതിയിൽ ക്രോഡീകരിക്കേണ്ടതുണ്ട്. അതിൽ നിന്നും വിദ്യാലയം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തണം. പ്രശ്നങ്ങളുടെ തീവ്രത ലഘുതരം, ഗുരുതരം, തീവ്രം എന്നിങ്ങനെയാണ് രേഖപ്പെടുത്തേണ്ടത്. കണ്ടെത്തിയ പ്രശ്നങ്ങൾ സമിതി വിശദമായി ചർച്ച ചെയ്യുകയും അവയുടെ കാരണങ്ങൾ കണ്ടെത്തി രേഖപെടുത്തുകയും വേണം. രേഖപ്പെടുത്തൽ താഴെപ്പറയുന്ന രീതിയിൽ ആകാം.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | | | | | |

### പ്രശ്നവിശകലനവും ആസൂത്രണവും

ഓരോ മേഖലയിലും കണ്ടെത്തിയ പ്രശ്നങ്ങളെ അവയുടെ തീവ്രതയ്ക്കനുസരിച്ച് തരംതിരിക്കേണ്ടതുണ്ട്. ഓരോ പ്രശ്നത്തിലൂടെയും കണ്ടെത്തിയ കാരണങ്ങളെ കൂടുതൽ സൂക്ഷ്മതലത്തിലുള്ള വിശകലനത്തിനു വിധേയമാക്കുകയും കൂടുതൽ കാരണങ്ങളോ വെല്ലുവിളികളോ ഉണ്ടോയെന്ന് കണ്ടെത്തുകയും വേണം.

തുടർന്ന് ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതു വിഭാഗത്തിലെ ബന്ധപ്പെട്ടവർ വിശദമായി ചർച്ച ചെയ്ത് അതിനുള്ള പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

പഠനനിലവാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതു ക്ലാസ്സ്തല ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് ഉചിതമായ പരിഹാര നിർദേശങ്ങൾ കണ്ടെത്തണം.

ഇതുപോലെ മറ്റു മേഖലകളിലെയും പ്രശ്നങ്ങൾ ബന്ധപ്പെട്ട ഗ്രൂപ്പുകൾ ചർച്ച ചെയ്ത് പരിഹാരങ്ങൾ കണ്ടെത്തേണ്ടതാണ്. ഈ പരിഹാര നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് സമിതി അക്കാദമിക് മാസ്റ്റർപ്ലാനിന്റെ ആസൂത്രണവും തയാറാക്കലും നടത്തേണ്ടതാണ്.

### അക്കാദമിക മാസ്റ്റർപ്ലാൻ രൂപീകരണം

കണ്ടെത്തിയ പ്രശ്നങ്ങളുടെയും കാരണങ്ങളുടെയും സൂക്ഷ്മവിശകലനത്തിന്റെ അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ പരിഹാരനിർദേശങ്ങൾ ഉചിതമായ പ്രവർത്തനങ്ങളായി വേണം മാസ്റ്റർപ്ലാനിൽ ഉൾപെടുത്തേണ്ടത്. ന്റെ

വരുന്ന അഞ്ച് വർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടായിരിക്കണം പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. എന്നാൽ 2025-26 വർഷത്തെ പ്രവർത്തനങ്ങൾ സൂക്ഷ്മതലാസൂത്രണം നടത്തി രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ 2025 ജൂൺ 02 മുതൽ നടപ്പിലാക്കി തുടങ്ങേണ്ടതാണ്. തുടർന്ന് ഓരോ വർഷാരംഭത്തിലും അതതു വർഷത്തെ പദ്ധതികൾ വിശദമായി തയാറാക്കേണ്ടതാണ്. ഓരോ പ്രശ്നവും പരിഹരിക്കുന്നതിന് ഒന്നോ അതിലധികമോ പ്രവർത്തനങ്ങൾ വേണ്ടിവന്നേക്കാം. ഇവ കൃത്യമായി മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തുണം. നിലവിൽ വിദ്യാലയത്തിൽ നടന്നു കൊണ്ടിരിക്കുന്ന

മികവാർന്ന പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും മാസ്റ്റർപ്ലാനിൽ രേഖപെടുത്തണം. അക്കാദമിക് പ്രവർത്തനങ്ങൾ രേഖപ്പെടുത്തുമ്പോൾ ബന്ധപ്പെട്ട ക്ലാസ്സിന്റെ സൂചന കൂടി ചേർക്കണം.

വിദ്യാലയത്തിൽ രൂപപ്പെടുന്ന മാസ്റ്റർപ്ലാനിന് തുടർച്ചയായി ക്ലാസ്സ്തല മാസ്റ്റർപ്ലാൻ കൂടി രൂപപ്പെടുത്തേണ്ടതാണ്. ക്ലാസ്സ്തല മാസ്റ്റർപ്ലാനിൽ ഓരോ ക്ലാസ്സിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ അംശങ്ങൾ ഉൾപെടുത്തേണ്ടതാണ്. ഇതിനു തുടർച്ചയായി ഓരോ കുട്ടിയുടെയും പഠനപുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള വ്യക്തിഗത മാസ്റ്റർപ്ലാനിന്റെ രൂപീകരണത്തിലേക്കും അധ്യാപകർക്ക് കടക്കാവുന്നതാണ്.

മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ രേഖപെടുത്തുന്നതിന് താഴെ തന്നിരിക്കുന്ന പട്ടിക പ്രയോജനപ്പെടുത്താവുന്നതാണ്..

# അക്കാദമിക് മാസ്റ്റർപ്ലാൻ

## സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

ക്ലാസ്സ്:

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണചുമതല | സാമ്പത്തികം | റീമാർക്ക് |
|---|---|---|---|---|---|---|
| | | | | | | |

**അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഘടന**

അക്കാദമിക മാസ്റ്റർപ്ലാനിൽ താഴെപറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കണം

1. ആമുഖം - കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

   ആമുഖത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ പുനരവലോകനം നടത്തിയ വിവരങ്ങൾ എന്നിവ സത്യസന്ധമായി എഴുതണം

2. അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ
3. പ്രശ്നങ്ങൾ
4. പ്രശ്നങ്ങളും അവയുടെ കാരണങ്ങളും
5. ഹ്രസ്വകാല/ദീർഘകാല ലക്ഷ്യങ്ങൾ മുൻഗണനാക്രമത്തിൽ
6. ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള പദ്ധതി (ഇനം, ലക്ഷ്യം, പരിപാടികൾ, കാലയളവ്, ചുമതല, സാമ്പത്തികം)
7. പ്രവർത്തന കലണ്ടർ
8. ഉപസംഹാരം

**അക്കാദമിക മാസ്റ്റർ പ്ലാൻ - സ്കൂൾതല മോണിട്ടറിംഗ്**

സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ മോണിട്ടറിംഗ് സമിതി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**ഘടന**

- പിടിഎ /എസ്. എം. സി പ്രസിഡന്റ്, എം. പി. ടി. എ
- വാർഡ് മെമ്പർ /കൗൺസിലർ
- അക്കാദമിക വിദഗ്ദൻ
- എച്. എം /പ്രിൻസിപ്പൽ
- എച്. എസ് അധ്യാപകപ്രതിനിധി
- പൂർവ വിദ്യാർഥികൾ, വിദ്യാർഥി പ്രതിനിധികൾ

**ചുമതലകൾ**

1. മാസ്റ്റർപ്ലാൻ രൂപീകരണഘട്ടങ്ങൾ ശരിയായി പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുകയും മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയുക.
   മാസ്റ്റർ പ്ലാനിൽ ഉൾപെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ പ്രായോഗികത (സാമ്പത്തികലഭ്യത, സാമൂഹ്യ സ്വീകാര്യത, ഭൗതികസാഹചര്യം /റിസോഴ്സ് ലഭ്യത എന്നിവ ഉറപ്പാക്കുക )
2. അക്കാദമിക ആവശ്യകത (കരിക്കുലവുമായുള്ള ബന്ധം, പാഠ്യക്രമത്തിന് അനുസൃതം, അക്കാദമിക് ലക്ഷ്യങ്ങൾ ഉൾക്കൊള്ളുക എന്നിങ്ങനെയുള്ള ഘടകങ്ങൾ പരിശോധിക്കണം )
3. പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുക
4. മാസാന്ത്യ യോഗങ്ങളിൽ അതത് മാസത്തെ പദ്ധതിപ്രവർത്തനം അവലോകനം ചെയ്ത് സമയ ബന്ധിതമാണെന്നും ഗുണപരമായും അളവുപരമായും ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുക. ആയതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് തയാറാക്കൽ.
5. പദ്ധതി നിർവഹണത്തിലെ പുരോഗതി വിലയിരുത്തി വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുക
6. കുട്ടികളുടെ താല്പര്യം, പദ്ധതികളുടെ സ്വീകാര്യത, ഫലപ്രാപ്തി എന്നിവ നിശ്ചിത ചോദ്യാവാലികൾ അടങ്ങുന്ന ടൂളുകൾ ഉപയോഗിച്ച് മൂല്യനിർണയം നടത്തുകയും ടാർജറ്റ് ഗ്രൂപ്പുകൾക്ക് ഫീഡ്ബാക്ക് നൽകുകയും ചെയ്യുക

- **സ്കൂൾതലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ**

| നം | നടപ്പാക്കേണ്ട പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 1. | നിർവഹണ സമിതി (സ്കൂൾ തല റിസോഴ്സ് ഗ്രൂപ്പ്) മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ | HM, SMC, ചെയർമാൻ | 2025 മെയ് ഒന്നാം വാരം |
| 2. | പുതിയ മാർഗരേഖ വിശദമായി ചർച്ച ചെയ്യൽ | പ്രഥമാധ്യാപിക, എസ്. ആർ. ജി. കൺവീനർ | " |
| 3. | അവസ്ഥാപഠനം നടത്തൽ | എസ്. ആർ. ജി. ഗ്രൂപ്പ് ചുമതലപ്പെടുത്തുന്ന അധ്യാപകർ | " |
| 4. | കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | എച്ച് എം, എസ്. ആർ.ജി. കൺവീനർ, പി.ടി.എ., എം.പി. റ്റി.എ. | 2025 ജൂൺ ഒന്നാം വാരം |
| 5. | മാസ്റ്റർപ്ലാൻ അന്തിമരൂപമാക്കൽ - ചർച്ച | ചർച്ചാ ഗ്രൂപ്പ് എച്ച് എം, പി ടി എ പ്രസിഡന്റ് എസ് ആർ ജി കൺവീനർ | 2025 ജൂൺ മൂന്നാം വാരം |
| 6. | മാസ്റ്റർപ്ലാൻ പ്രകാശനവും സെമിനാറും | പ്രഥമാധ്യാപിക | 2025 ആഗസ്റ്റ് 31ന് മുൻപ് |
| 7. | സ്കൂൾതല മാസ്റ്റർ പ്ലാനിനെ തുടർ സാധ്യതകളുടെ ഭാഗമായി ക്ലാസ് തലത്തിലെ പ്ലാൻ, വ്യക്തിഗത മാസ്റ്റർ പ്ലാൻ എന്നിവയായി രൂപപ്പെടുത്തൽ (കരട്) | എസ്. ആർ. ജി. ഗ്രൂപ്പ്, കൺവീനർ, ക്ലാസ് ടീച്ചർമാർ | 2025 സെപ്റ്റംബർ രണ്ടാം വാരം |
| 8. | വ്യക്തിഗത മാസ്റ്റർ പ്ലാൻ വിപുലപ്പെടുത്തൽ | ക്ലാസിലെ മറ്റു വിഷയങ്ങൾ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് ടീച്ചർ | " |
| 9. | അക്കാദമിക മാസ്റ്റർ പ്ലാൻ പ്രതിമാസ വിലയിരുത്തൽ | മോണിറ്ററിംഗ് സമിതി ,SSK, DEO | രണ്ട് മാസത്തിലൊരിക്കൽ |
| 10. | ഇടക്കാല വിലയിരുത്തലും പ്രദർശനവും | നിർവഹണസമിതി, മോണിറ്ററിംഗ് സമിതി, SSK, DEO | |
| 11. | വർഷാന്ത്യ വിലയിരുത്തൽ സെമിനാർ പ്രദർശനം | നിർവഹണസമിതി, മോണിറ്ററിംഗ് സമിതി, SSK, DEO | 2026 ജനുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ വിവിധ തലങ്ങളിൽ നടക്കേണ്ട പ്രവർത്തനങ്ങളും ചുമതലകളും

- **സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1. | മാസ്റ്റർ പ്ലാൻ ഘട്ടം 2<br>വിഷൻ ശിൽപ്പശാല- ഓൺലൈൻ | SCERT |
| 2. | മാർഗ്ഗരേഖ വികസിപ്പിക്കൽ | SCERT |
| 3. | അവസ്ഥാ വിശകലനം - പഠനം<br>(കോർഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ) | SCERT |
| 4. | സംസ്ഥാനതല കൺവർജൻസ് യോഗം | പൊതുവിദ്യാഭ്യാസ വകുപ്പ് , SCERT, വിദ്യാകിരണം, SSK, KITE |
| 5. | അവസ്ഥാ വിശകലനം പഠന റിപ്പോർട്ട് തയ്യാറാക്കൽ | SCERT |
| 6. | സംസ്ഥാനതല പരിശീലന മൊഡ്യൂൾ നിർമ്മാണം | SCERT |
| 7. | സംസ്ഥാനതല പരിശീലനം – SRG പരിശീലനം | SCERT, SSK, SIEMAT |
| 8. | മാർഗരേഖ അച്ചടിച്ച് വിതരണം ചെയ്യൽ | SSK, പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT |
| 9. | വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശീലനം (DDE, DEO, AEO) | SIEMAT, KITE |
| 10. | അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്<br>സംസ്ഥാനതലം, ജില്ലാതലം | SSK, KITE, പൊതുവിദ്യാഭ്യാസ വകുപ്പ് ,വിദ്യാകിരണം, SCERT |
| 11. | ഇടക്കാല വിലയിരുത്തൽ മാർഗ്ഗരേഖ പരിശീലനം | SCERT, SSK |
| 12. | ഓൺലൈൻ, ഡിജിറ്റൽ സംവിധാനങ്ങൾ, വിഭവങ്ങൾ ഒരുക്കൽ | KITE, SIET |

- **ജില്ലാതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നം. | പ്രവർത്തനങ്ങൾ | ചുമതലയുള്ള ഏജൻസി/ വകുപ്പ് |
|---|---|---|
| 1. | ജില്ലാതല പരിശീലനം മാർഗരേഖ പരിചയപ്പെടുത്തൽ, തുടർ പ്രവർത്തനങ്ങൾ, മോണിറ്ററിംഗ് | SSK/DIET പൊതുവിദ്യാഭ്യാസ വകുപ്പ് , വിദ്യാകിരണം, KITE |
| 2. | ഉപജില്ല, പഞ്ചായത്ത് തല പരിശീലനങ്ങൾ, മോണിറ്ററിംഗ് | പൊതുവിദ്യാഭ്യാസ വകുപ്പ് ,SSK |
| 3. | പഞ്ചായത്ത്/ ജനപ്രതിനിധികൾ /ജില്ലാതല ഉദ്യോഗസ്ഥർ-ക്ലാസ് | SSK, വിദ്യാകിരണം |

- **ഉപജില്ലാതലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നം. | പ്രവർത്തനങ്ങൾ | ചുമതലയുള്ള ഏജൻസി/ വകുപ്പ് |
|---|---|---|
| 1. | പ്രഥമാധ്യാപക പരിശീലനം- മാർഗരേഖ പുനരവലോകന പ്രവർത്തനങ്ങൾ നടക്കേണ്ട പ്രക്രിയ വിശദമാക്കൽ | DEO, BRC, DIET |
| 2. | എസ് ആർ ജി കൺവീനർമാരുടെ ശില്പശാല | DEO, BRC, DIET, KITE |
| 3. | ജനപ്രതിനിധികൾക്കുള്ള ശാക്തീകരണ പരിപാടി - (പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ) | പഞ്ചായത്ത് വകുപ്പ്, DEO, KITE, DIET |
| 4. | ഉപജില്ലാതല മോണിറ്ററിംഗ് ടീം രൂപീകരണം- തൽസമയ സ്ഥലപിന്തുണ ഉറപ്പാക്കൽ. | DEO, BRC, DIET |
| 5. | വിദ്യാലയ സന്ദർശനം, ഇടക്കാല വിലയിരുത്തൽ | SSK, DEO, DIET |
| 6. | മികച്ച ഇടപെടലുകൾ, അനുഭവങ്ങൾ പങ്കുവയ്ക്കൽ, ഓൺലൈൻ/ ഓഫ് ലൈൻ സാധ്യതകൾ ഉപയോഗിച്ച്. | KITE, SSK, DIET |
| 7. | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ചുമതലക്കാരുടെ യോഗങ്ങൾ വിളിച്ചുചേർക്കൽ അവലോകനം | SSK, DEO |

- **പഞ്ചായത്ത്തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നം. | പ്രവർത്തനങ്ങൾ | ചുമതലയുള്ള ഏജൻസി/ വകുപ്പ് |
|---|---|---|
| 1. | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി യോഗം അക്കാദമിക മാസ്റ്റർ പ്ലാൻ മാർഗരേഖ ചർച്ച ചെയ്യൽ, ആസൂത്രണം | പഞ്ചായത്ത്/ SSK/DEO |
| 2. | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ശില്പശാല - സ്കൂൾതല മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനമാക്കി പഞ്ചായത്ത് തല വിദ്യാഭ്യാസ പരിപാടി - തയ്യാറാക്കൽ | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി (PEC), SSK, DEO |
| 3. | സ്കൂൾ തല ശിൽപ്പശാലകളിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പിക്കൽ- മോണിറ്ററിംഗ് | ഗ്രാമപഞ്ചായത്ത് ഭരണസമിതി, SSK |
| 4. | പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സമഗ്രമാക്കൽ, അച്ചടിച്ച് തയ്യാറാക്കൽ- കർമസമിതിഅംഗങ്ങളെ കൂടി പങ്കെടുപ്പിച്ച് | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, SSK |
| 5. | സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ മോണിറ്ററിംഗ് നടത്തിപ്പ് | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, SSK |
| 6. | മികച്ച മാസ്റ്റർ പ്ലാൻ നടത്തിപ്പുകളുടെ ഡോക്യുമെന്റേഷൻ- പങ്കുവയ്ക്കൽ | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, SSK |

## പഞ്ചായത്ത് വിദ്യാഭ്യാസ സമിതി യോഗം

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെയും പരിഷ്ക്കരിച്ച മാസ്റ്റർ പ്ലാനുകളുടെ അവതരണത്തിനായി പഞ്ചായത്ത് വിദ്യാഭ്യാസസമിതി യോഗം ചേരൽ

- പൊതുവായി പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കരട് തയാറാക്കൽ ( സ്കൂൾതല മാസ്റ്റർ പ്ലാനുകളുടെ ക്രോഡീകരണം ) പൊതു പ്രശ്നങ്ങൾ, പഞ്ചായത്ത്തല പദ്ധതികളായി മാറേണ്ടതുണ്ട്.
- പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന അക്കാദമിക റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ കൂടിയിരുന്ന് പഞ്ചായത്ത്തല അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കണം

ക്രമം:1

# അക്കാദമിക മാസ്റ്റർ പ്ലാൻ സംസ്ഥാന ജില്ലാ  പഞ്ചായത്തുതല

# പ്രവർത്തന കലണ്ടർ

| നം. | പ്രവർത്തനം | കാലയളവ് | | | |
|---|---|---|---|---|---|
| | | സംസ്ഥാന തലം | ജില്ലാ തലം | പഞ്ചാ./ മുൻസി. തലം | വിദ്യാലയ തലം |
| 1. | **കോർഗ്രൂപ്പ് രൂപീകരണം**. (വിദ്യാഭ്യാസ വിദഗ്ദർ, അതാത് തലങ്ങളിലെ സംസ്ഥാന- ജില്ലാ- പഞ്ചായത്തു തല) വിദ്യാഭ്യാസ വകുപ്പ് മേധാവികൾ അധ്യാപക പ്രതിനിധികൾ ജനപ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. | | 2025 മാർച്ച് ഒന്നാം വാരം | 2025 മാർച്ച് രണ്ടാം വാരം | .............. |
| 2. | **കൺവെർജൻസ് മീറ്റിംഗ് (സമന്വയസമിതിയോഗം)** വിവിധ ഏജൻസികളുടെ (വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, എസ് എസ് കെ, എസ് ഇ ആർ ടി, KITE,തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, സാംസ്കാരിക വകുപ്പ് എന്നിവയിലെ സംസ്ഥാന- ജില്ലാ- പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തല മേധാവികൾ) സമന്വയയോഗം | 2025 മാർച്ച് 17,18,19 | 2025 മാർച്ച് അവസാന വാരം | 2025 ഏപ്രിൽ ആദ്യ വാരം | ..................... |
| 3. | **മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം** അതാത് തലങ്ങളിലെ ജനപ്രതിനിധികൾ, വകുപ്പ് മേധാവികൾ, അക്കാദമിക് വിദഗ്ദർ, അധ്യാപക പ്രതിനിധികൾ, സ്കൂൾതലത്തിൽ പി.ടി.എ. / എസ്. എം. സി. പ്രസിഡൻറ് എന്നിവരടങ്ങുന്ന സമിതിയാണ് മോണിറ്ററിംഗ് നടത്തുന്നത്. | 2025 ഏപ്രിൽ ഒന്നാം വാരം | 2025 ഏപ്രിൽ രണ്ടാം വാരം | 2025 ഏപ്രിൽ മൂന്നാം വാരം | 2025 ഏപ്രിൽ നാലാം വാരം |
| 4. | **സ്കൂൾതല നിർവഹണസമിതി രൂപീകരണം** | | | | 2025 മെയ് മൂന്നാം വാരം |

| നം. | പ്രവർത്തനം | കാലയളവ് | | | |
|---|---|---|---|---|---|
| | | സംസ്ഥാന തലം | ജില്ലാ തലം | പഞ്ചാ./ മുൻസി. തലം | വിദ്യാലയ തലം |
| 5. | **ശില്പശാല/ പരിശീലനം**<br>സംസ്ഥാനതലത്തിൽ തയ്യാറാക്കിയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ശില്പശാല/ പരിശീലനം നടത്തുന്നു. സംസ്ഥാനതലത്തിൽ ഡി. ആർ. ജി. മാർക്കും ജില്ലാതലത്തിൽ ആർ.പി. മാർക്കും പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തലത്തിൽ സ്കൂൾ എച്ച്. എം./പ്രിൻസിപ്പൽ, എസ്. ആർ. ജി. കൺവീനർ പി.ടി.എ പ്രസിഡന്റുമാർ എന്നിവർക്കും പരിശീലനം നൽകണം | 2025 മാർച്ച് അവസാന വാരം | 2025 ഏപ്രിൽ മൂന്നാം വാരം | 2025 ഏപ്രിൽ നാലാം വാരം | .............. |
| 6. | **അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണ ചർച്ച (പദ്ധതി തയ്യാറാക്കലും പുരോഗതി വിലയിരുത്തലും) (Preparation & Monitoring )**<br>(സ്കൂൾതലത്തിൽ നടപ്പിലാക്കുന്ന അവസ്ഥാ പഠനം വിവിധ ജനാധിപത്യ സംവിധാനങ്ങളുടെ യോഗം, അധ്യാപക പരിശീലനങ്ങൾ/ ശിൽപ്പശാല, കരട് അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണം, എഡിറ്റിംഗ്, സെമിനാറുകൾ, പ്രിന്റിംഗ്, പ്രകാശനം തുടങ്ങിയവയുടെ വിവിധ ഘട്ടങ്ങൾ നടപ്പിലാക്കുകയും യഥാസമയം മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക) | | | | 2025 ജൂൺ മൂന്നാം വാരം |

| നം. | പ്രവർത്തനം | കാലയളവ് | | | |
|---|---|---|---|---|---|
| | | സംസ്ഥാന തലം | ജില്ലാ തലം | പഞ്ചാ. /മുൻ സി. തലം | വിദ്യാലയ തലം |
| 7.<br><br><br><br><br>7(1) | **അക്കാദമിക് മാസ്റ്റർപ്ലാനിൽ ഉൾപെടുത്തിയിട്ടുള്ള പദ്ധതികളുടെ നടപ്പാക്കലും പുരോഗതി വിലയിരുത്തലും**<br>**(Execution and Monitoring)**<br>ഓരോ വിദ്യാലയവും തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർപ്ലാൻ സൂക്ഷ്മ തലത്തിൽ (micro level) നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ, ചെക്ക് ലിസ്റ്റ് ഇവ തയാറാക്കൽ. | 2025 ജൂലൈ 2 മുതൽ | | 2025 ജൂലൈ 2 മുതൽ | .............. |
| 7(2) | അക്കാദമിക് മാസ്റ്റർപ്ലാനിലെ പദ്ധതികൾ സ്കൂൾ കലണ്ടറിൽ ഉൾപ്പെടുത്തി നടപ്പിലാക്കൽ. ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് മോണിറ്ററിംഗ്. | | | 2025 ജൂലൈ 2 മുതൽ | 2025 ജൂലൈ 2 മുതൽ |
| 7(3) | മോണിറ്ററിങ് ഗ്രൂപ്പുകളുടെ കൂടിച്ചേരൽ. (ചെക്ക് ലിസ്റ്റ് ശേഖരിച്ച വിവരങ്ങളുടെ വിലയിരുത്തൽ, പരിഹാരരീതികൾ കണ്ടെത്തൽ, പുതിയ മാതൃകകളുണ്ടെങ്കിൽ അവയുടെ വ്യാപനം, പ്രതിസന്ധികൾ /പ്രതിബന്ധങ്ങൾ പരിഹരിക്കൽ എന്നിവയാകണം അജണ്ട ) | 2025 ആഗസ്റ്റ് മുതൽ 3 മാസത്തിലൊരിക്കൽ മാർച്ചിൽ അവസാന യോഗം | 2025 ആഗസ്റ്റ് മുതൽ 3 മാസത്തിലൊരിക്കൽ മാർച്ചിൽ അവസാന യോഗം | 2025 ആഗസ്റ്റ് മുതൽ 2 മാസത്തിലൊരിക്കൽ 2026 മാർച്ചിൽ വാർഷിക യോഗം | 2025 ജൂൺ മുതൽ എല്ലാ മാസവും മാർച്ചിൽ വാർഷിക യോഗം |
| 8. | അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തനമികവുകളുടെ 'ഷോക്കേസിംഗ് ' മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഡോക്യുമെന്റുകളുടെയും പ്രദർശനവും സെമിനാറും. മികച്ച മാതൃകക്കളുടെ വ്യാപനം | 2026 ഏപ്രിൽ മാസം വിലയിരുത്തൽ യോഗം | | 2026 മാർച്ച് നാലാം വാരം | 2026 മാർച്ച് മൂന്നാം വാരം |

**അക്കാദമിക മാസ്റ്റർ പ്ലാൻ - പദ്ധതി രൂപീകരണ പ്രക്രിയയുടെ**

**രൂപരേഖയും സമ്പത്തികവിശകലനവും**

**ബഡ്ജറ്റിങ്**

**1. അധ്യാപകയോഗം**

**ലക്ഷ്യം :** വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥ വിശകലനം ചെയ്യൽ

**പ്രവർത്തന വിശദാംശം**

സ്കൂൾതല അക്കാദമിക ആസൂത്രണത്തിന്റെ ആദ്യപടിയായി പ്രഥമ അധ്യാപകന്റെ നേതൃത്വത്തിൽ അധ്യാപകർ യോഗം ചേർന്ന് വാർഷിക അക്കാദമിക പ്രവർത്തന പരിപാടികൾക്ക് രൂപം നൽകാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മുഴുവൻ അധ്യാപകരുടെയും പങ്കാളിത്തത്തോടെ വേണം ഇത് നിർവഹിക്കാൻ. കഴിഞ്ഞ വർഷത്തെ ക്ലാസ്സ് തല വിഷയതല അക്കാദമിക നേട്ടത്തിന്റെയും പരിമിതികളുടെയും അവതരണം ചർച്ച ക്രോഡീകരണം.

**ചുമതല** - സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കേണ്ടത് പ്രഥമഅധ്യാപകനാണ്

**സമ്പത്തികം** - പ്രതീക്ഷിക്കുന്നില്ല

**സമയം** - മെയ് ആദ്യ വാരം

**ഉല്പന്നം** - PTA/ SMC യോഗത്തിൽ അവതരിപ്പിക്കാനുള്ള അവലോകന റിപ്പോർട്ട്

**2. എസ്. എം. സി /പി. ടി. എ സ്റ്റാഫ്, വിദ്യാർഥി പ്രതിനിധികളുടെ യോഗം**

**ലക്ഷ്യം :** സ്കൂളിലെ നിലവിലെ നേട്ടങ്ങളും പരിമിതികളുമായി സ്കൂളുമായി ബന്ധപ്പെട്ട് വിശാലസമിതി മുമ്പാകെ ചർച്ച ചെയ്യുന്നു

**പ്രവർത്തന വിശദാംശം**

സ്റ്റാഫ് മീറ്റിങ്ങിന്റെ കണ്ടെത്തലുകളുടെ അവതരണം ചർച്ച. കൂടുതൽ മെച്ചപ്പെടുത്തുന്നതിന്നായി വിശദമായ അവസ്ഥാപഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. പഠനത്തിനായി ഉപസമിതിയെ നിയോഗിക്കുന്നു.

**ചുമതല** -പി. ടി. എ. പ്രസിഡന്റ്, സ്റ്റാഫ് സെക്രട്ടറി, അധ്യാപക- രക്ഷകർതൃ പ്രതിനിധി, വിദ്യാർഥി പ്രതിനിധി.

**സാമ്പത്തികം** -10,000/-

**സമയം** -മെയ് 2025 രണ്ടാം വാരം

**ഉല്പ്പന്നം** -കോർഗ്രൂപ്പിന്റെ മുമ്പാകെ സ്കൂളിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട്. അവസ്ഥാപഠനത്തിനായുള്ള കോർഗ്രൂപ്പ് ലിസ്റ്റ്

**3. കോർഗ്രൂപ്പ് യോഗം**

**ലക്ഷ്യം :** സ്കൂളിന്റെ നിലവിലെ അവസ്ഥ കണ്ടെത്തുന്നതിനുള്ള ടൂൾ തയാറാക്കി വിവര ശേഖരണം നടത്തി വിശദമായ റിപ്പോർട്ട് തയാറാക്കൽ

**പങ്കാളികൾ**

അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ എന്നിവരുടെ പ്രതിനിധികൾ, വാർഡ് മെമ്പർ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ കൺവീനർ.

**ചുമതല** : കോർ ഗ്രൂപ്പ് കൺവീനർ ( പ്രഥമഅധ്യാപകൻ )

**സാമ്പത്തികം** : 5,000/-

**സമയം** : മെയ് മൂന്നാം വാരം

**ഉല്പന്നം** : അവസ്ഥാപഠനം കരട് റിപ്പോർട്ട്

**4. അവസ്ഥാപഠന റിപ്പോർട്ട് അവതരണ ശില്പശാല**

**ലക്ഷ്യം :** വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥ പൊതുസമൂഹത്തെ ബോധ്യപെടുത്തൽ

**പ്രവർത്തന വിശദാംശം**

അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥി പ്രതിനിധികൾ, ജനപ്രതിനിധികൾ, ഡയറ്റ്, എസ്. എസ്. കെ പ്രതിനിധികൾ, എ. ഇ. ഒ/ഡി. ഇ. ഒ., പി. എസ്. സി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചു നടക്കുന്ന ശില്പശാലക്കു മുമ്പാകെയാണ് അവസ്ഥാപഠന റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.തുടർന്ന് ചർച്ചയും ക്രോഡീകാരണവും ചർച്ചയുടെ അടിസ്ഥാനത്തിലാണ് വിദ്യാലയത്തിന്റെ മികവ് ഉയർത്താനുള്ള പ്ലാൻ തയാറാക്കുന്നത്തിന് തീരുമാനിക്കുന്നു. ഇതിനായി അധ്യാപകർ പി. ടി. എ / എസ്. എം. സി പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികൾക്ക് രൂപം നൽകുന്നു

**ചുമതല** : സ്റ്റാഫ് സെക്രട്ടറി

**സാമ്പത്തികം** : 10,000/-

**സമയം** : മെയ് 2025 അവസാന വാരം

**ഉത്പന്നം** : 1. അവസ്ഥാപഠനത്തിന്റെ അന്തിമരേഖ

2. മാസ്റ്റർപ്ലാൻ രൂപീകരണം സബ്ബ്കമ്മിറ്റികൾ

**5. മാസ്റ്റർപ്ലാൻ തയാറാക്കൽ**

**ലക്ഷ്യം :** വിവിധ സബ്ബ്കമ്മിറ്റികൾ യോഗം ചേർന്ന് സ്കൂൾ തല, ക്ലാസ്സ്തല വിഷയതല അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കൽ

**പ്രവർത്തന വിശദാംശം**

ശില്പശാലയിൽ രൂപീകരിച്ച സബ്ബ്കമ്മിറ്റികൾ യോഗം ചേർന്ന് ക്ലാസ്സ്തലത്തിലും വിഷയതലത്തിലും അടുത്തവർഷങ്ങളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ തയാറാക്കുന്നു. ഇതിന്റെ ഭാഗമായി കുട്ടികൾ ഏറ്റെടുക്കേണ്ട സ്ഥലസന്ദർശനങ്ങൾ, ഫീൽഡ് വിസിറ്റ്, മത്സര പരീക്ഷകൾക്കുള്ള തയാറെടുപ്പുകൾ, വാർഷികാഘോഷം, ക്ലബ് പ്രവർത്തനങ്ങൾ തുടങ്ങിയവയും ഉൾപെടുത്തേണ്ടതാണ്

**ചുമതല** : സബ്ബ്കമ്മിറ്റി കൺവീനർമാർ

**സമ്പത്തികം** : 5,000/-

**സമയം** : ജൂൺ 2025 ആദ്യ വാരം

**ഉൽപ്പനം** : മാസ്റ്റർപ്ലാൻ കരട്

**6. മാസ്റ്റർപ്ലാൻ സൂഷ്മപരിശോധനയും മെച്ചപ്പെടുത്തലും**

**ലക്ഷ്യം :** സബ്ക്കമ്മിറ്റികൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ കരട് സൂക്ഷ്മപരിശോധന നടത്തി മെച്ചപ്പെടുത്തൽ

**പ്രവർത്തന വിശദാംശം**

ആധ്യാപകർ, എസ്. എം. സി/ പി. ടി. എ, വിദ്യാർഥി പ്രതിനിധികൾ, പി. ഇ. സി. കൺവീനർ, ഡയറ്റ് ഫാക്കൾട്ടി എന്നിവരടങ്ങുന്ന സമിതി മാസ്റ്റർപ്ലാനിന്റെ കരട് സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു

**ചുമതല** : പ്രഥമഅധ്യാപകൻ

**സമ്പത്തികം** : 10,000/-

**സമയം** : ജൂൺ രണ്ടാം വാരം

**ഉല്പനം** : അക്കാദമിക മാസ്റ്റർപ്ലാനിന്റെ അന്തിമരൂപം

**7. മാസ്റ്റർപ്ലാൻ അവതരണ സെമിനാർ**

**ലക്ഷ്യം:** വിദ്യാലയം തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പൊതുസമൂഹത്തിനു മുമ്പാകെ അവതരിപ്പിക്കൽ

**പ്രവർത്തന വിശദാംശം**

സ്കൂൾ തലത്തിൽ തയാറാക്കിയ മാസ്റ്റർപ്ലാൻ പൊതുസമൂഹത്തിന് വ്യക്തത വരും വിധം വിശദമായി മാസ്റ്റർ പ്ലാനിന്റെ അവതരണം. സെമിനാറിൽ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസപ്രവർത്തകർ, ജനപ്രതിനിധികൾ, സ്കൂൾ വികസന സമിതി, സന്നദ്ധ സംഘടനാ പ്രതിനിധികൾ എസ്. എസ്. എ അംഗങ്ങൾ തുടങ്ങിയവർ അടങ്ങുന്നതായിരിക്കും സെമിനാറിലെ പങ്കാളികൾ.

**ചുമതല** : പ്രഥമ അധ്യാപകൻ

**സാമ്പത്തികം** : 10,000/-

**സമയം** : ജൂൺ അവസാന വാരം

**ഉല്പനം** : പൊതുസമൂഹത്തിന്റെ നിർദേശങ്ങൾ ഉൾപ്പെടുത്തിയ മാസ്റ്റർപ്ലാൻ

**മാസ്റ്റർപ്ലാൻ നിർവഹണം**

മാസ്റ്റർപ്ലാനിലെ നിർദേശങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങളിലേക്ക് ഉൾച്ചേർക്കേണ്ടതാണ്. സ്ഥാപനത്തിൽ വരുത്തേണ്ട നിർദ്ദിഷ്ട പ്രവർത്തനങ്ങൾ കണ്ടെത്തി മുൻഗണനക്രമം നിശ്ചയിച്ച്, അതിന് അനുസരണമായി വിഭവങ്ങൾ കണ്ടെത്തി നടപ്പിലാക്കേണ്ടതാണ്. എന്നാൽ ക്ലാസ്സ്തലത്തിലും വിഷയതലത്തിലും നിർദേശിച്ചിട്ടുള്ള പ്രവർത്തകർ എസ്. ആർ. ജി യോഗത്തിൽ ചർച്ച ചെയ്ത് നടപ്പിലാക്കണം. വിഭവസമാഹരണത്തിനായി സർക്കാർ സംവിധാനങ്ങളോടൊപ്പം പൂർവവിദ്യാർഥികൾ പൊതുസമൂഹം തുടങ്ങിയവരുടെ പിന്തുണയും തേടാവുന്നതാണ്..

**മോണിറ്ററിങ്**

മാസ്റ്റർപ്ലാനിലെ നിർദ്ദിഷ്ട പ്രവർത്തനങ്ങളുടെ സമയബന്ധിത നടത്തിപ്പിനായി പ്രതിമാസ അവലോകനം നടത്തേണ്ടതാണ്. ഇതിനായി വിദ്യാലയതലത്തിൽ മാസ്റ്റർപ്ലാൻ മോണിറ്ററിങ് സമിതി രൂപീകരിക്കണം. സമിതിയുടെ അധ്യക്ഷൻ പി. ടി. എ / എസ്. എം. സി പ്രസിഡന്റ് ആയും കൺവീനർ പ്രഥമ അധ്യാപകനുമായിരിക്കണം.കമ്മിറ്റിയിൽ അധ്യാപകർ, പ്രതിനിധികൾ ഉൾപ്പെട്ട സമിതി നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും അടുത്ത മാസത്തെ മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹിക്കേണ്ടതാണ്.

ഇടക്കാല വിലയിരുത്തലിനായി കൂടുതൽ പങ്കാളിത്തം ലഭിക്കും വിധം വികസന സമിതി എസ്. എം. സി. അംഗങ്ങൾ, എസ്. എസ്. ജി അംഗങ്ങൾ, പി. ഇ. സി അംഗങ്ങൾ എന്നിവർ മുമ്പാകെ പ്രതിമാസ അവലോകനറിപോർട്ടുകൾ മൂന്ന് മാസത്തിലൊരിക്കൽ അവതരിപ്പിച്ച് ചർച്ചക്ക് വിധേയമാക്കണം. വരാനിരിക്കുന്ന അധ്യയനവർഷം മാസ്റ്റർപ്ലാൻ രൂപീകരണത്തിനു സഹായകമാം വിധം നടപ്പുവർഷത്തെ മാസ്റ്റർപ്ലാൻ നിർവഹണം വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് തയാറാക്കുകയും വേണം

**അനുബന്ധം**

വിദ്യാലയങ്ങളുടെ നിലവിലെ അവസ്ഥാപഠനാവേളയിൽ സ്ഥാപനതല അക്കാദമിക ആസൂത്രണവുമായി ബന്ധപ്പെടുത്തി പുതിയ അക്കാദമിക ആവശ്യങ്ങൾ ഉയർന്നുവന്നേക്കും

ഉദാഹരണം

- ഹൈ സ്കൂൾ വിഭാഗം ശക്തിപ്പെടുത്തൽ
- സ്കൂൾ ലൈബ്രറി കൂടുതൽ പ്രയോജനകരമാക്കൽ
- സ്കൂൾ പരിസരം പരിസ്ഥിതി സൗഹൃദപരവും ആകർഷകവുമാക്കൽ
- ലാബ് സൗകര്യങ്ങൾ അക്കാദമിക ആവശ്യത്തിന് ഉതകുംവിധം മെച്ചപ്പെടുത്തൽ
- കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്തുന്നതിനുള്ള പദ്ധതി തുടങ്ങിയവ

ഇപ്രകാരം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുമ്പോൾ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന വിശദാംശങ്ങൾ, കാലയളവ്, പ്രതീക്ഷിത ചിലവ്, പ്രോഗ്രാം വിലയിരുത്തൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ കൂടി ഉൾപെടുത്തേണ്ടതാണ്

## അക്കാദമിക മാസ്റ്റർപ്ലാൻ 2023-2028

### സംസ്ഥാന വിലയിരുത്തൽ ഫോർമാറ്റ്

**ജില്ലയുടെ പേര് :** **സ്കൂളിന്റെ പേര്:**

| **വിഷയമേഖലകൾ** | **2022-23 വിഭാവന ചെയ്ത പദ്ധതികളുടെ എണ്ണം** | **പൂർണമായി നടപ്പിലാക്കിയവയുടെ എണ്ണം** | **ഭാഗികമായി നടപ്പിലാക്കിയവയുടെ എണ്ണം** | **നടപ്പിലാക്കാൻ കഴിഞ്ഞവ** | **നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ** |
|---|---|---|---|---|---|
| മാതൃഭാഷ (മലയാളം, കന്നട, തമിഴ്) | | | | | |
| ഇംഗ്ലീഷ് | | | | | |
| ഉപഭാഷകൾ (ഹിന്ദി, അറബിക്, ഉർദു, സംസ്കൃതം ) | | | | | |
| പരിസര പഠനം | | | | | |
| ഗണിതം | | | | | |
| ശാസ്ത്രം | | | | | |
| സാമൂഹ്യശാസ്ത്രം | | | | | |
| കല വിദ്യാഭ്യാസം | | | | | |
| കായിക - ആരോഗ്യ വിദ്യാഭ്യാസം | | | | | |
| പ്രവൃത്തി /തൊഴിൽ വിദ്യാഭ്യാസം | | | | | |
| ഉൾച്ചേർന്ന വിദ്യാഭ്യാസം / പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം | | | | | |
| അക്കാദമിക പിന്തുണാസൗകര്യം | | | | | |
| ഇതര മേഖലകൾ | | | | | |

അക്കാദമിക പ്ലാൻ നടപ്പിലാക്കിയതുകൊണ്ട് സ്കൂളിനുണ്ടായ നേട്ടങ്ങൾ/ മികവുകൾ എന്തെല്ലാം?

- അക്കാദമിക മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് നേരിട്ട പ്രശ്നങ്ങളും അത് തരണം ചെയ്യാനുള്ള നിർദേശങ്ങളും

| | **നേരിട്ട പ്രശ്നങ്ങൾ** | **പ്രശ്നങ്ങൾ തരണം ചെയ്യാനുള്ള നിർദേശങ്ങൾ** |
|---|---|---|
| • അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കൽ | | |
| • അക്കാദമിക മാസ്റ്റർ പ്ലാനിന്റെ നിർവഹണം | | |
| • അധ്യാപകരുടെ സഹകരണം/കൂട്ടായ്മ | | |
| • രക്ഷകർത്താക്കളുടെ സഹകരണം | | |
| • പ്രാദേശിക സർക്കാരിന്റെ സഹകരണം | | |
| • ഇതര ഏജൻസികളുടെ പിന്തുണ | | |

മറ്റ് നിർദേശങ്ങൾ /അഭിപ്രായം